**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3815** **17-03-2025 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് തിരുവനന്തപുരത്ത് മുഖ്യ കാര്യാലയവും, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയറുടെ നേതൃത്വത്തിൽ 3 മേഖലാ കാര്യാലയവും, 14 ജില്ലാ കാര്യാലയവും എറണാകുളത്ത് അധികമായി ഒരു ജില്ലാ കാര്യാലയവും, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു എൻവയോൺമെന്റൽ സർവെലൻസ് സെന്ററും, കേന്ദ്ര ലബോറട്ടറിയും ഉണ്ട്. കൂടാതെ എറണാകുളം മേഖല ഓഫീസ് കെട്ടിടത്തിൽ ബോർഡിന്റെ ലീഗൽ സെല്ലും പ്രവർത്തിച്ചു വരുന്നു. |
| (ബി) | കണ്ണൂർ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എൻവയോൺമെന്റ് എഞ്ചിനീയറുടെയും സയന്റിഫിക് ഓഫീസറുടെയും എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | (ബി) | എൻവയോൺമെന്റൽ എഞ്ചിനീയർ - 1<br><br>അസിസ്റ്റന്റ് എഞ്ചിനീയർ - 5<br><br>അസിസ്റ്റന്റ് സയൻറിസ്റ്റ് - 1<br><br>ജൂനിയർ സയൻറിഫിക് അസിസ്റ്റന്റ്- 2<br><br>നിലവിൽ ടി തസ്തികകളിൽ ഒഴിവുകൾ ഇല്ല. |
| (സി) | കണ്ണൂർ ജില്ലയിലെ മലിനീകരണ നിയന്ത്രണ ബോർഡിൽ 31.01.2025-വരെ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; | (സി) | ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ Phoenix/Kran (www.keralapcbonline.com) വെബ് പോർട്ടൽ പ്രകാരം 31.01.2025 വരെ ലഭിച്ച അപേക്ഷകൾ - 6534 എണ്ണവും, തീർപ്പാക്കിയവ 5684 എണ്ണവും ബാക്കിയുള്ളവ 850 എണ്ണവും ആണ്. |
| (ഡി) | ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കൺസന്റ് അപേക്ഷകളുടെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകൾ കഴിഞ്ഞാൽ പ്രതിമാസം ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്നത് കണ്ണൂർ ജില്ലാ കാര്യാലയത്തിലാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ ബോർഡ് കൈക്കൊണ്ടു വരുന്നു. |

| | | | |
|---|---|---|---|
| | | | 5 അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 5 താലൂക്കുകൾ (തളിപ്പറമ്പ്, കണ്ണൂർ, തലശ്ശേരി, ഇരിട്ടി, പയ്യന്നൂർ) വിഭജിച്ച നൽകിയാണ് ഓഫീസ് ഓർഡർ ക്രമീകരിച്ച നൽകിയിരുന്നത്.<br><br>നിലവിൽ ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി പരമാവധി തീർപ്പാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ